വേണ്ടിയുള്ള സമഗ്രകുടിവെള്ള പദ്ധതി നടപ്പാക്കാൻ76.25 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രവൃത്തിക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് രണ്ടുവർഷം കൊണ്ട് പദ്ധതി നടപ്പിലാക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിയുന്നതാണ്.

ശുദ്ധജല നിലവാര പരിശോധന

172 (2452) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല നിലവാര പരിശോധനയ്ക്ക് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി എത്ര ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ജല ഗുണനിലവാരം ഉയർത്തുന്നതിനും പരിശോധിക്കുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നു വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ശുദ്ധജല നിലവാര പരിശോധനയ്ക്കുവേണ്ടി കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ 14 ജില്ലാതല ലാബുകളും 33 സബ് ഡിവിഷണൽ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട് മേൽപ്പറഞ്ഞ ലാബുകളിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ വാട്ടർ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന ലാബുകളിൽ ഇന്ത്യൻ സ്റ്റാൻഡേർഡ് അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന നടത്തി ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ചു വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ കിണറുകൾ, ട്യൂബ് വെല്ലുകൾ, നദികൾ എന്നിവിടങ്ങളിൽ നിന്നും മറ്റും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം പരിശോധിക്കാറുണ്ട്. ഇതിനുപുറമേ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് മൊബൈൽ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ജലഗുണനിലവാര പരിശോധനയ്ക്കായി 31 സബ് ഡിവിഷണൽ ലാബുകൾ പുതിയതായി ആരംഭിക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശുദ്ധജല ഗുണനിലവാര പരിശോധനയ്ക്കുവേണ്ടി 14 ജില്ലാതല ലാബുകളും 33 സബ് ഡിവിഷണൽ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

	ജില്ല	ജില്ലാതല ലാബിന്റെ എണ്ണം
	(1)	(2)
1	ആലപ്പുഴ	ജില്ലാ ലാബ് -1 സബ് ഡിവിഷണൽ ലാബ് - 1
2	എറണാകുളം	ജില്ലാ ലാബ് -1 സബ് ഡിവിഷണൽ ലാബ് - 3 സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് - 1
3	ഇടുക്കി	ജില്ലാ ലാബ് -1 സബ് ഡിവിഷണൽ ലാബ് - 2
4	കണ്ണൂർ	ജില്ലാ ലാബ് -1 സബ് ഡിവിഷണൽ ലാബ് - 1
5	കാസർഗോഡ്	ജില്ലാ ലാബ് -1 സബ് ഡിവിഷണൽ ലാബ് - 2
6	കൊല്ലം	ജില്ലാ ലാബ് -1 സബ് ഡിവിഷണൽ ലാബ് - 1
7	കോട്ടയം	ജില്ലാ ലാബ് -1 സബ് ഡിവിഷണൽ ലാബ് - 4
8	കോഴിക്കോട്	ജില്ലാ ലാബ് -1 സബ് ഡിവിഷണൽ ലാബ് - 2
9	മലപ്പുറം	ജില്ലാ ലാബ് -1 സബ് ഡിവിഷണൽ ലാബ് - 5
10	പാലക്കാട്	ജില്ലാ ലാബ് -1 സബ് ഡിവിഷണൽ ലാബ് - 3
11	പത്തനംതിട്ട	ജില്ലാ ലാബ് -1 സബ് ഡിവിഷണൽ ലാബ് - 1

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
12 തിരുവനന്തപുരം	ജില്ലാ ലാബ് -1
	സബ് ഡിവിഷണൽ ലാബ്
13 തൃശ്ശൂർ	ജില്ലാ ലാബ് -1
	സബ് ഡിവിഷണൽ ലാബ് - 3
14 വയനാട്	ജില്ലാ ലാബ് -1
	സബ് ഡിവിഷണൽ ലാബ് - 4

(സി) ജലഗുണനിലവാരം ഉയർത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണ ശാലകളിൽ ശുദ്ധീകരിച്ചും ഇൻഫിൽട്രേഷൻ ഗ്യാലറിയിൽ നിന്ന് ലഭ്യമാകുന്ന വെള്ളം ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ മുതായവ ഉപയോഗിച്ച് അണുവിമുക്തമാക്കിയിട്ടുമാണ് വിതരണം ചെയ്യുന്നത്. ഇതിനുപുറമേ കേരള വാട്ടർ അതോറിറ്റിയുടെ ജലഗുണനിലവാര പരിശോധന ലാബുകളിൽ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ ഗുണനിലവാര പരിശോധന നടത്താറുണ്ട്. ആയതിന്റെ റിപ്പോർട്ട് ജലവിതരണവുമായി ബന്ധപ്പെട്ടവർക്ക് വേണ്ട നടപടികൾക്കായി ലഭ്യമാക്കുന്നുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള സി.സി.ഡി.യു ഫീൽഡ് ടെസ്റ്റ് കിറ്റും കോളിഫോം പരിശോധിക്കുന്നതിനായി H2S strip-ഉം ഉപയോഗിച്ച് പരിശീലന പരിപാടികൾ നടത്തിവരുന്നു. സി.സി.ഡി.യു.വിന്റെ നേതൃത്വത്തിൽ സ്കൂൾ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, സന്നദ്ധ ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള പരിശീലനം നൽകി വരുന്നു.

ചുനക്കര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ കുടിവെള്ള ടാങ്ക്

173 (2453) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചുനക്കര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള കുടിവെള്ള ടാങ്ക് ശോചനീയവും അപകടകരവുമായമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ടാങ്കിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly